പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1088** **04/12/2014-ൽ മറുപടിയ്ക്ക്**

**യു.പി.എസ്.എ മലയാളം മീഡിയം തസ്തികയുടെ എൻ.ജെ.ഡി ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ഉമ്മർ | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) പൊതു വിദ്യാഭ്യാസ വകുപ്പിൽ യു.പി.എസ്.എ മലയാളം മീഡിയം തസ്തികയുടെ എൻ.ജെ.ഡി ഒഴിവുകൾ നികത്തുന്നതിൽ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഇല്ല. |
| ബി) എങ്കിൽ തിരുവനന്തപുരം ജില്ലയിലെ വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ എ 4/7087/2013, തീയതി 15/01/2014 നമ്പർ നടപടിക്രമ പ്രകാരം നിയമന ഉത്തരവ് നൽകിയ എല്ലാ ഉദ്യോഗാർത്ഥികളും ജോലിയിൽ പ്രവേശിച്ചിട്ടുണ്ടോ;ഇല്ലെങ്കിൽ പ്രവേശിക്കാത്ത ഉദ്യോഗാർത്ഥികളുടെ വിശദാംശം നൽകുമോ; | ബി) നിജ ഫിർദൗസി.ജെ എന്ന ഉദ്യോഗാർത്ഥി ഒഴികെ മറ്റെല്ലാവരും ജോലിയിൽ പ്രവേശിച്ചു. |
| സി) പ്രസ്തുത ഉദ്യോഗാർത്ഥികൾക്ക് ജില്ലയിലെ ഏത് സ്കൂളിലേക്കാണ് നിയമന ഉത്തരവ് നൽകിയത്; പ്രസ്തുത തസ്തികയിൽ മറ്റ് ഉദ്യോഗാർത്ഥികളെ നിലവിൽ നിയമിച്ചിട്ടുണ്ടോ; | സി) പഞ്ചായത്ത് യു.പി സ്കൂൾ, മഞ്ഞപ്പാറ. തസ്തിക നഷ്ടം കാരണം പുറത്തു പോകേണ്ടി വരുന്ന അദ്ധ്യാപകരെ പുനർ വിന്യസിക്കുന്ന നടപടി പ്രകാരം പ്രസ്തുത തസ്തികയിലെ ഒഴിവ് നികത്തിയിട്ടുണ്ട്. |

ഡി) എങ്കിൽ പ്രസ്തുത തസ്തികയിലേക്ക് എൻ.ജെ.ഡി ഒഴിവ് റിപ്പോർട്ട് ചെയ്ത് നിയമനം നടത്താത്തതിന്റെ കാരണം വിശദമാക്കാമോ;

ഡി) എൻ.ജെ.ഡി ഒഴിവ് പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഇ) പൊതു വിദ്യാഭ്യാസ വകുപ്പിൽ എൻ.ജെ.ഡി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് പരമാവധി എത്ര സമയം അനുവദിച്ചിട്ടുണ്ട്; എങ്കിൽ പ്രസ്തുത കേസിൽ ഈ സമയപരിധി പാലിക്കാത്തതിന്റെ സാഹചര്യം വിശദമാക്കാമോ; പ്രസ്തുത തസ്തികയിലേക്ക് എൻ.ജെഡി ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതിന് സാങ്കേതികമായി നിലവിൽ എന്തെങ്കിലും നിയമ തടസ്സമുണ്ടോ; ഏതെങ്കിലും പ്രത്യേക ഉത്തരവ് തിരുവനന്തപുരം വിദ്യാഭ്യാസ ഉപ ഡയറക്ടർ പുറപ്പെടുവിച്ചിട്ടുണ്ടോ; പ്രസ്തുത എൻ.ജെ.ഡി ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും നിയമന നടപടികൾ പൂർത്തീകരിക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഇ) എൻ.ജെ.ഡി ഒഴിവ് പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി-യിൽ നിന്നും നിയമന ശിപാർശ ലഭിക്കുമ്പോൾ പ്രസ്തുത ഒഴിവിലേക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ